**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1918** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് വലിയഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അധിക അടിസ്ഥാന സൗകര്യവികസനത്തിനുള്ള ഘടകങ്ങളായ അഡീഷണൽ വാർഫ്, ലേലപ്പുര, ലോഡിംഗ് ഏരിയ, കവേർഡ് ലോഡിംഗ് ഏരിയ, കോമ്പൗണ്ട് വാൾ, കാന്റീൻ & റസ്റ്റ് റൂംസ്, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം, ലോക്കർ മുറികൾ, ഷോപ്പ്സ്, നെറ്റ് മെൻഡിംഗ് ഷെഡ്, ഇന്റേണൽ റോഡ് & ഡ്രെയിൻ എന്നീ പ്രവൃത്തികൾക്കായി നബാർഡ് - RIDF XXVII Scheme ൽ 1668 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ഏർപ്പാടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രവൃത്തിയിലെ അഡീഷണൽ വാർഫ്, ഓക്ഷൻ ഹാൾ, കവേർഡ് ലോഡിംഗ് ഏരിയ, ലോക്കർ റൂം കം ഷോപ്പ്, നെറ്റ് മെൻഡിംഗ് ഷെഡ് എന്നിവയുടെ നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.<br><br>2. അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിന്റെ നിർമ്മാണത്തിനായി കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.<br><br>3. കാന്റീൻ &റെസ്റ്റ് റൂം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്.<br><br>4. നിലവിലുള്ള വാർഫ്, ഓക്ഷൻ ഹാൾ എന്നിവയുടെ ഫ്ലോറിംഗ് നവീകരിക്കുന്നതിനായി 29.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി പ്രസ്തുത ഹാർബറിന്റെ വികസനം എത്രയും വേഗം നടപ്പിലാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ? | (ബി) | ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അധിക അടിസ്ഥാന സൗകര്യവികസനത്തിനുള്ള ഘടകങ്ങളായ അഡീഷണൽ വാർഫ്, ലേലപ്പുര, ലോഡിംഗ് ഏരിയ, കവേർഡ് ലോഡിംഗ് ഏരിയ, കോമ്പൗണ്ട് വാൾ, കാന്റീൻ & റസ്റ്റ് റൂംസ്, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം, ലോക്കർ മുറികൾ, ഷോപ്പ്സ്, നെറ്റ് മെൻഡിംഗ് ഷെഡ്, ഇന്റേണൽ റോഡ് & ഡ്രെയിൻ എന്നീ പ്രവൃത്തികൾക്കായി നബാർഡ് - RIDF XXVII Scheme ൽ 1668 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ഏർപ്പാടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രവൃത്തിയിലെ അഡീഷണൽ വാർഫ്, ഓക്ഷൻ ഹാൾ, കവേർഡ് ലോഡിംഗ് ഏരിയ, ലോക്കർ റൂം കം ഷോപ്പ്, നെറ്റ് മെൻഡിംഗ് ഷെഡ് എന്നിവയുടെ നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.<br><br>2. അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിന്റെ നിർമ്മാണത്തിനായി കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.<br><br>3. കാന്റീൻ &റെസ്റ്റ് റൂം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്.<br><br>4. നിലവിലുള്ള വാർഫ്, ഓക്ഷൻ ഹാൾ എന്നിവയുടെ ഫ്ലോറിംഗ് നവീകരിക്കുന്നതിനായി 29.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ